# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 6)/1755/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/12/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 6)/1755/23 തീയ്യതി: 16/12/2023

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 21-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 21-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ടി ഒ പോളി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
പ്രവീൺ ഷേണായ് ജെ , ഓഡിറ്റ് ഓഫീസർ
റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

മേഴ്സി കെ പി , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ആർ.ജയകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജയന്തകുമാർ എ പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിമോൾ പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഉമാനാഥ് പൈ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.മായ കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 01-04-2022 | 04-05-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 05-05-2022 | 05-05-2022 |

| | | | |
|---|---|---|---|
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 22-11-2022 | 27-11-2022 |
| ശ്രീമതി. സ്മിത സി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 28-11-2022 | 07-02-2023 |
| ശ്രീമതി.ശ്രീലക്ഷ്മി സജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 08-02-2023 | 31-03-2023 |
| ശ്രീ.ഹരീഷ് കുമാർ പി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | 01-04-2022 | 31-03-2023 |
| ഡോ.വീണ ഫിലിപ്പ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനുതോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡവ്ലിൻ പീറ്റേഴ്സ് | കൃഷി ഓഫീസർ | 01-04-2022 | 20-10-2022 |
| ശ്രീ.യദു രാജ് | കൃഷി ഓഫീസർ | 21-10-2022 | 31-03-2023 |
| ശ്രീമതി.ജയ കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജ്യോതി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗോപു രാജേന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കാട്ട് വയൽ | 06-05-2022 | 21-11-2022 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)ആരക്കുന്നം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഭവ്യ ആർ പ്രസാദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)തൊട്ടൂർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തനത് വരുമാനം -അവലോകനം | 1-11 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ (DTHവിതരണം)-മരണാനന്തരം തുക കൈപ്പറ്റി | 1-12 |

| | | |
|---|---|---|
| 16 | ബയോബിൻ - ശുചിത്വ മിഷൻ നിബന്ധനകൾ പാലിച്ചില്ല – തുടർനടപടികൾ സ്വീകരിക്കണം | 1-13 |
| 17 | റോഡ് കട്ടിംഗ് - നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണം. | 1-14 |
| 18 | വനിതകൾക്ക് ഫിറ്റ്നസ് സെന്റർ (ഷീ ജിം)-അപാകതകൾ | 1-15 |
| 19 | അങ്കണവാടികൾ സംഗീത സാന്ദ്രമാക്കൽ-അപാകത | 1-16 |
| 20 | ടെണ്ടർ അധികം നൽകിയത് - റീടെണ്ടർ ചെയ്ത രേഖകൾ ലഭ്യമല്ല. | 1-17 |
| 21 | പ്രോജക്ടുകളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 22 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 23 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-20 |
| 24 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - വൻ കുടിശ്ശിക | 1-21 |
| 25 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് - ടെണ്ടർ നടപടികളിൽ അപാകത | 1-22 |
| 26 | ടെണ്ടർ അധികം നൽകിയത് - റിടെണ്ടർ രേഖകൾ ലഭ്യമല്ല | 1-23 |
| 27 | പമ്പ് സെറ്റ്  - സ്ഥാപിക്കാതെ തുക നൽകി - ഇതര അപാകതകൾ | 1-24 |
| 28 | തൊഴിലുറപ്പ് പദ്ധതി - മുളക്ക് അധിക നിരക്ക് നൽകി. | 1-25 |
| 29 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി-സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023 ലെ 1(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം

വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : കാക്കനാട്**
**തീയതി : 16.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല</u>

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

## <u>1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല</u>

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## <u>1-1-3 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല</u>

അക്രൂ ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസങ്ങളിലും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.03.2022 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20.03.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹39,39,940 |
| വരവ് | ₹27,12,50,179 |
| ആകെ | ₹27,51,90,119 |
| ചെലവ് | ₹26,79,41,936 |
| നീക്കിയിരിപ്പ് | ₹72,48,183 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹10666731.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹2,87,75,436.00 |
| ആകെ | : | ₹3,94,42,167.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,24,86,384.00 |
| നീക്കിയിരുപ്പ് | : | ₹ 69,55,783.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ).സി.ആർ പ്രകാരം) (₹) | ആകെ (₹) | ചെലവ് (എ).സി. ആർ പ്രകാരം) (₹) | നീക്കി ബാക്കി (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9941507 | 9941507 | 9941507 | -- | |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3110468 | 3110468 | 2971566 | | 138902 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 110000 | 110000 | 100000 | | 10000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2,60,20,000 | 2,60,20,000 | 1,93,40,286 | | 66,79,714 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 45,70,000 | 45,70,000 | 39,20,802 | | 6,49,198 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied (ബാങ്ക്) | 16826.00 | 31,46,000.00 | 3162826 | 2780827 | 381999.00 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Basic (ബാങ്ക്) | 37484.00 | 2097000 | 2134484 | 2039386 | 95098.00 | 0 |
| NPRPD | 181401 | - | 181401 | | 181401 | - |
| ഐ.സി.ഡി.എസ് | 844408 | 1299812 | 2144220 | 588583 | 1555637 | - |
| Solid Waste Mgt | 31582 | - | 31582 | - | 31582 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 12,34,74,468 | 113 | 5,77,02,123 | 31 | 53 | 57.36% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | - | 1517084 | 1517084 | 1517084 | - |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 19606085 | 19606085 | 19606085 | - |
| ആകെ | - | 21123169 | 21123169 | 21123169 | - |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക (₹) |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 466 | 5970800 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 171 | 2013200 |
| 3 | വാർധക്യകാല പെൻഷൻ | 1678 | 18987400 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ | 47 | 523200 |

| | | | |
|---|---|---|---|
| | സ്ത്രീകൾക്കുള്ള പെൻഷൻ | | |
| 5 | വിധവാ പെൻഷൻ | 481 | 5364800 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2023 തീയതിയിൽ 2 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 11,750 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| --- | --- | --- | --- |
| പെർഫോമൻസ് ഓഡിറ്റ് | 23.04.22 | 01.01.2022 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.06.2016 | 2010 -11 മുതൽ 2014 -15 വരെ | 07.08.2016 |

## 1-11 തനത് വരുമാനം -അവലോകനം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ബ്ലോക്കിൽ ആകെ 14 വാർഡുകളിലായി വ്യാപിച്ച് സ്ഥിതി ചെയ്യുന്ന എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.** കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.

**2.** 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്ത് ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ (DTHവിതരണം)-മരണാനന്തരം തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനം പ്രകാരം പെൻഷൻ സസ്പെന്റ് ചെയ്തുവരുന്നതായി കാണുകയുണ്ടായി. ഇങ്ങനെ സസ്പെന്റ് ചെയ്യപ്പെട്ടവയിൽ, (ഡയറക്ട് ടു ഹോം വിതരണത്തിൽ) മരണാനന്തരം ഗുണഭോക്താവ് തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/20.11.23) മറുപടി ലഭ്യമാക്കിയില്ല.

**കർഷകത്തൊഴിലാളി പെൻഷൻ**

| ക്രമ നം. | പേര് / പെൻഷൻ ID | സസ്പെൻഷൻ തീയതി | സ്റ്റാറ്റസ് 07/22 To 4/23 | സ്റ്റാറ്റസ് 05/23, 06/23 |
|---|---|---|---|---|
| 1 | കല്യാണി വേലായുധൻ/ 106730100188 | 05.09.2023 | തുക കൈമാറാൻ സാധിച്ചിട്ടില്ല 1600 X10=16000/- | തുക കൈപ്പറ്റി 1600 X 2 = 3200/- |

മേൽ പെൻഷണറുടെ ഓൺലൈൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ, 17.08.2023ലെ തീരുമാനം നമ്പർ A4 പ്രകാരം 05.09.2023 ൽ പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 2022 ജൂലൈ മുതൽ 2023 ഏപ്രിൽ വരെയുള്ള പെൻഷൻ ബാങ്ക്/ പോസ്റ്റോഫീസ് റിമാർക്സിൽ "Deceased" എന്നു രേഖപ്പെടുത്തിയതിനാൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവനയിൽ ചേർത്തിട്ടുണ്ട്. എന്നാൽ തുടർന്ന് 2023 മെയ്, ജൂൺ മാസങ്ങളിൽ പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. കമ്മറ്റി തീരുമാനം പ്രകാരം പെൻഷൻ സസ്പന്റ് ചെയ്ത അവസരത്തിൽ, കൈമാറാൻ സാധിക്കാത്ത തുക, തിരികെ ഡി.ബി.റ്റി. സെല്ലിൽ അടവാക്കിയതിന്റെ രേഖകൾ സഹകരണ ബാങ്കിനോട് ആവശ്യപ്പെട്ടിരുന്നോ എന്നതും ആയതിന്റെ തുടർ വിവരങ്ങളും ലഭ്യമല്ല.
2. കൈമാറാൻ സാധിക്കാത്ത തുക നിലവിൽ ആരുടെ കൈവശമാണെന്നവിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
3. Deceased എന്നു രേഖപ്പെടുത്തിയ പെൻഷണറുടെ 2023 മെയ്, ജൂൺ മാസങ്ങളിലെ തുക കൈപ്പറ്റിയതെങ്ങനെ എന്ന വിവരം ലഭ്യമാക്കിയില്ല. ബാങ്കിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
4. മേൽ ഗുണഭോക്താവിന് പെൻഷൻ തുക വീട്ടിലെത്തിച്ചിരുന്നത് ആരെന്നുള്ള വിവരവും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ടി ഏജന്റ് വിതരണം നടത്തുന്ന മറ്റ് പെൻഷൻ അക്കൗണ്ടുകൾ ഏതെന്നും ആയവയിലെ വിതരണങ്ങളിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ സംഭവിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ.
5. ആകെ 19,200/- രൂപ നിലവിൽ ആരുടെ കൈവശമാണെന്നത് സ്റ്റാറ്റസിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
6. ജൂലൈ 2022 മുതൽ തുക കൈമാറാൻ സാധിക്കാതിരുന്നത് സംബന്ധിച്ച് സഹകരണ ബാങ്ക് നിയമപരമായ ഓൺലൈൻ സന്ദേശം നൽകിയിരുന്നോ എന്നതും ആയതിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

B. ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്ന സ്റ്റാറ്റസിൽ, ബാങ്കുകളുടെ കൈവശം തുകകൾ നിലനിൽക്കുന്നുണ്ട്. വിവരങ്ങൾ ചേർക്കുന്നു.

<u>വാർദ്ധക്യകാല പെൻഷൻ</u>

| ക്രമ നം. | പേര് / പെൻഷൻ ID | മരണ തീയതി/ സസ്പെൻഷൻ തീയതി | അനുവദിച്ച തുക | സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ഇ.എ. മോഹനൻ 106730201769 | 08.11.22/ 05.09.23 - DTH | 1600x 9 = 14,400/-( 10/22 To 06/23) | തുക കൈമാറാൻ സാധിച്ചില്ല |
| 2 | കുഞ്ഞ്പെണ്ണ് കെ.കെ. 106730200701 | 23.09.22/05.09.23 DTH | 1600x10= 16000/- (09/22 To 06/23) | തുക കൈമാറാൻ സാധിച്ചില്ല |
| | ആകെ | | 30,400/- | |

ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്ന സ്റ്റാറ്റസിൽ, ബാങ്കുകളുടെ കൈവശം നിലനിൽക്കുന്ന തുകകൾ ഡി.ബി.റ്റി സെല്ലിൽ തിരികെ അടവാക്കിയോ എന്നത് ഗ്രാമപഞ്ചായത്ത് എങ്ങനെയാണ് പരിശോധിച്ച് ഉറപ്പാക്കുന്നതെന്നും ആയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരണ രജിസ്ട്രേഷൻ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ സസ്പെൻഷൻ നടപടികൾ ക്രമീകരിക്കാത്തതിനാലാണ് സസ്പെൻഷന് കാലതാമസം വരുകയും മറ്റ് അപാകതകൾ സംഭവിക്കുകയും ചെയ്യുന്നത്.

## 1-13 ബയോബിൻ - ശുചിത്വ മിഷൻ നിബന്ധനകൾ പാലിച്ചില്ല – തുടർനടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണത്തിനായി 2022-23 സാമ്പത്തിക വർഷം ബയോബിൻ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ശുചിത്വമിഷൻ നിർദ്ദേശം/ സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ശുചിത്വമിഷന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | SO248/23 |
|---|---|
| | |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ജൈവമാലിന്യ സംസ്കരണം വീടുകൾക്ക് ബയോബിന്നുകൾ നൽകൽ |
| അംഗീകാരം | MLTY/EDKL/SAN/2/22-23/8.3.23, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ |
| അടങ്കൽ | ₹6,02,000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹5,41,800 ഗുണഭോക്തൃവിഹിതം - ₹60,200 |
| ചെലവ് | ₹6,01,328 |
| ബിൽ നം | 360/29.3.23 |
| നിർവ്വഹണ ഏജൻസി | ഈനാട് യുവജന കോ - ഓപ്പറേറ്റീവ് സൊസൈറ്റി, കോട്ടയം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് |

ശുചിത്വ മിഷന്റെ സാങ്കേതികാനുമതി രേഖയായ 500/SBM9G)/2022-23/TS-74/14.02.2023 ൽ താഴെ പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(A) ബയോബിന്നിന്റെ പ്രവർത്തനം സംബന്ധിച്ച് നിർവ്വഹണ ഏജൻസി ഗുണഭോക്താക്കൾക്ക് ട്രെയിനിംഗ് നൽകണം.

(B) ഉപകരണത്തിന് രണ്ട് വർഷത്തെ വാറന്റി നൽകണം.

(C) വാറന്റി കാലയളവ് വരെ മൂന്ന് മാസത്തിലൊരിക്കലും അതിനു ശേഷം വർഷത്തിലൊരിക്കലും നിർവ്വഹണ ഏജൻസി ഉപകരണങ്ങൾ പരിശോധിക്കണം. അറ്റകുറ്റപ്പണികൾക്കുള്ള നിർദ്ദേശം നൽകണം.

നിർവ്വഹണ ഏജൻസിയും വി ഇ ഒയും തമ്മിൽ 28.03.23 ന് കരാർ ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും നിർദ്ദേശാനുസരണമുള്ള മേൽവിഷയങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല ലഭ്യമാക്കിയ ഫയലിൽ ട്രെയിനിംഗ് നൽകിയതിന്റെയോ, വാറന്റി സംബന്ധിച്ചുള്ള വിവരങ്ങളോ ഇല്ലായിരുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 1/16.11.2023 ) നൽകി. ആയതിന് 21.11.2023 ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഏജൻസി ഗുണഭോക്താക്കൾക്ക് വിശദമായ ട്രെയിനിംഗ് ലഭ്യമാക്കി എന്ന് അറിയിച്ചു. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. രണ്ട് വർഷം ഗ്യാരണ്ടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

<u>ഓഡിറ്റ് നിർദ്ദേശം</u>

ബയോബിന്നിന്റെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. രണ്ട് വർഷം വാറന്റി ഉറപ്പ് വരുത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 റോഡ് കട്ടിംഗ് - നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗ് നടത്തിയ ആരാധനാലയം ഫീസ് അടവാക്കിയില്ല. ചെത്തിക്കോട് പള്ളി ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ ചെത്തിക്കോട് മീമ്പള്ളി കട്ടിമുട്ടം റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചതിൽ നിയമവിരുദ്ധ നടപടി ശ്രദ്ധയിൽപെട്ട ഗ്രാമപഞ്ചായത്ത് യുക്തമായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

(A) അധികൃതർക്ക് നോട്ടീസ് നൽകുന്നതിന് 11.04.2023 ലെ 1/1 നം പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു.

(B) പഞ്ചായത്തിന്റെ അനുമതിയില്ലാതെ 340 മീറ്റർ നീളത്തിലും ഒരു മീറ്റർ ആഴത്തിലും കുഴിയെടുത്ത് പൈപ്പ് ലൈൻ സ്ഥാപിച്ചത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് 06/05/2023 ൽ 400627/BAUV02/GPO/2023/1572/(2) പ്രകാരം നോട്ടീസ് നൽകി.

(C) ചട്ടവിരുദ്ധമായും, പഞ്ചായത്തിന്റെ അനുമതിയില്ലാതെയും റോഡ് കുഴിച്ചതിനാൽ ₹9,27,171/- രൂപ പഞ്ചായത്തിൽ അടവാക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് 22/07/2023 ൽ 400627/BAUV02/GPO/2023/1572/(4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1984 ലെ പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി ആക്ട് എന്നിവ പ്രകാരം നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട വ്യക്തികൾ തുക അടവാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

തുടർനടപടികളുടെ ഭാഗമായി നിയമോപദേശം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 വനിതകൾക്ക് ഫിറ്റ്നസ് സെന്റർ (ഷീ ജിം)-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0145/23 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്ക് ഫിറ്റ്നസ് സെന്റർ സംയുക്തം (ഷീ ജിം) |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹800000/-<br>(₹200000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹300000/-വികസന ഫണ്ട് (പൊതു വിഭാഗം)<br>₹300000/-ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹199700/-<br>(₹199700/- ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നം.<br>276/17.03.2023<br>BRN 385296/17.03.2023 |

08.02.2023ലെ 1(2)ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഷീ ജിം പദ്ധതിയ്ക്ക് ആവശ്യമുള്ള ഉപകരണം വാങ്ങുന്നതിനും കെട്ടിടത്തിൽ ആവശ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്യുന്നതിനുമായി കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ള SIDCO യെ ചുമതലപ്പെടുത്തി,കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇൻവോയ്സ് നം/EKM/22-23/364 തീയതി 3.11.2023 പ്രകാരം ₹4,99,700/-യ്ക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മേൽ പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വനിതകൾക്ക് ഫിറ്റ്നസ് സെന്റർ സംയുക്ത പ്രോജക്ടായാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതവും,ഗ്രാമ പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തിയിട്ടില്ല.

2. ഇൻവോയ്സ് നം/EKM/22-23/364 തീയതി 03.11.2023 പ്രകാരം ₹4,99,700/-യ്ക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്, എന്നാൽ ചെലവ് വന്നിരിക്കുന്നത് ₹1,99,700/-യാണ് (SIDCOയുടെ കൈപ്പറ്റ് SSE EKM/22-23/MR/328/തീ. 18.03.2023)

3. കെട്ടിടത്തിൽ ആവശ്യമായ ഫർണിഷിംഗ് നടത്താനും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നു. SIDCOയുടെ Proforma Invoice No SSE EKM/PI/22-23/658 Dt 23.01.23 പ്രകാരം

₹300000/-യുടെ ടെണ്ടറാണ് ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് നല്കിയിട്ടുള്ളത്
.

1. Toughened Glass Door (10 Mm Thickness) = 21 Sq.Mt X 990 = 20,790
2. Toughened Glass Partition (10 Mm Thickness) = 160 Sq.Ft X 690 = 1,10,400
3. PVC Ceiling- PVC Channels – 495 Sq.Ft X 110 = 54,450
4. Wall Covering With 6mm Thick Mirror At 7 Feet Height – 240 Sq.Ft X 165 = 39,600
5. Electrical Work Including Material And Labour Charge (Ceiling Light – 6, Wall Fan Etc) 1 LS – ₹29,000 = ₹29,000/-

മെഷർമെന്റ് ആവശ്യമുള്ള മേൽ പ്രവൃത്തിക്ക് മെഷർമെന്റ് എടുത്തതായി ഫയലിൽ ഇല്ല. Toughened Glass Partition, PVC Ceiling, Wall Covering, Electrical Work എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ മെഷർമെന്റോടെ നടപ്പാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷനും ആവശ്യമാണ്. മേൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം.8/21.11.2023)നല്കിയ മറുപടിക്ക് പ്ലാൻ ഫണ്ട് 31.03.23 ന് നല്കിയതിനാൽ ക്യൂ ബിൽ ആയതായും,സാങ്കേതിക തകരാറു മൂലം ജില്ലാ പഞ്ചായത്ത് വിഹിതവും കൈമാറാൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.
4. ഷീ ജിം – ന്റെ തുടർ നടത്തിപ്പ് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. നിലവിൽ ഒരു ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ടെങ്കിലും, ശമ്പളവും മറ്റും നല്കുന്നത് സംബന്ധിച്ച ഒരു തീരുമാനവും എടുത്തിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-16 അങ്കണവാടികൾ സംഗീത സാന്ദ്രമാക്കൽ-അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO142/23 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടികൾ സംഗീത സാന്ദ്രമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ആകെ-₹ 94500/-<br>(₹ 6300/-(തനത് ഫണ്ട്) |

| | |
|---|---|
| | ₹ 88200/-വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ആകെ-₹94500/-<br>(₹ 88200/-വികസന ഫണ്ട് (പൊതു വിഭാഗം)ബിൽ നം- 343/28.03.2023<br>₹6300/-<br>(തനത് ഫണ്ട്,ചെക്ക് നം-78042/30.03.2023 |

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം "കുട്ടികളുടെ മാനസികോല്ലാസത്തിനും സഭാകമ്പം മാറ്റിയെടുക്കുന്നതിനായി പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നു. കൂടാതെ മ്യൂസിക്ക് തെറാപ്പിയുടെ പരിശീലനം ചെറിയ കുട്ടികളുടെ വൈജ്ഞാനിക കഴിവു വർദ്ധിപ്പിക്കുന്നു. മെഡിറ്റേഷൻ, റിലാക്സേഷൻ തെറാപ്പി നടത്തുവാൻ സഹായിക്കുന്നു. അതു കൊണ്ട് അങ്കണവാടികളിൽ മ്യൂസിക്ക് സിസ്റ്റം വാങ്ങാനായി പദ്ധതി വയ്ക്കുന്നു" എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിലെ 21 അങ്കണവാടികളിൽ ടെണ്ടർ നടപടികളിലൂടെ KPM Enterprises, ചെർപ്പുളശ്ശേരിയിൽ നിന്ന് ₹4690x21 = ₹98490/- (ഇൻവോയിസ് നം 059/06.03.2023) മ്യൂസിക്ക് സിസ്റ്റം വാങ്ങി നല്കിയിട്ടുണ്ട്.

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്നതിൽ കൂടുതൽ വിശദീകരണം നല്കുവാൻ താല്പര്യപ്പെടുന്നു.

1. ഫയലിനൊപ്പം ചേർത്തിട്ടുള്ള താരതമ്യ പത്രിക പ്രകാരം ടെണ്ടറിൽ ഏറ്റവും കുറവ് തുക കാട്ട് ചെയ്തത് J.J.Enterprises, Vaikom ആണ്. എന്നാൽ മ്യൂസിക്ക് സിസ്റ്റം സാമ്പിൾ പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ ഹാജരാക്കാൻ നിർദ്ദേശം നല്കിയതിൽ KPM Enterprises,ചെർപ്പുളശ്ശേരി മാത്രമാണ് ഹാജരാക്കിയത്. ആയതിനാൽ അവരിൽ നിന്ന് മ്യൂസിക്ക് സിസ്റ്റം വാങ്ങാനായി കമ്മറ്റി തീരുമാനിക്കുകയായിരുന്നു (31.12.2022 ലെ 1(10) നമ്പർ തീരുമാനം). എന്നാൽ മേൽ പ്രകാരം കമ്മിറ്റി മുമ്പാകെ ഹാജരാക്കാൻ നിർദ്ദേശം നല്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പ്രൊജക്ടിന്റെ അടങ്കൽ ₹94500/-ആണ് എന്നാൽ സപ്ലൈ ബിൽ (ഇൻവോയിസ് നം 059/06.03.2023) പ്രകാരം ₹98490/-യാണ് ചെലവ് (KPM Enterprises, ചെർപ്പുളശ്ശേരിയുടെ കൈപ്പറ്റു രസീതിലും ₹98490/-യാണ് രേഖപ്പെടുത്തിയിരിക്കുന്നത്). ഓഡിറ്റ് എൻക്വയറി നം-6/20.11.2023 ന് ലഭിച്ച മറുപടി പ്രകാരം ₹3990/- നല്കിയിട്ടില്ല എന്നാണ്. മേൽ പരാമർശങ്ങൾക്ക് നല്കിയ മറുപടി തൃപ്തികരമല്ല. ബാക്കി തുകയായ ₹3990/-രൂപ

നല്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അതോടൊപ്പം അടങ്കൽ അധികരിച്ച് ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ടെണ്ടർ അധികം നൽകിയത് - റീടെണ്ടർ ചെയ്ത രേഖകൾ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് | Soo 33/23 |
| പ്രവൃത്തി | ചിന്മയ മിഷൻ ചെട്ടിയാൻകുന്നേൽ റോഡ് റീടാറിംഗും പാർശ്വഭിത്തി സംരക്ഷണവും |
| കരാറുകാരൻ | അലി പി പി |
| എം ബുക്ക് | 290/21-22, 291/21-22 |
| എസ്റ്റിമേറ്റ് | ₹4,95,000/- |
| ആകെ പ്രവൃത്തി | ₹5,37,811/- (ബിൽ നം. 314,23/3/23 – ₹ 42811, 2, 22/4/22 – ₹ 4,95,000) |
| എഗ്രിമെന്റ് | 15/AE/C/21-22 Dtd 5-1-22 |

ഈ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹4,41,268 |
| ടെണ്ടർ കൂടതൽ - 8.82% | ₹38,920 |
| ജി എസ് ടി (12%) | ₹57623 |
| ആകെ | ₹537811 |
| (- ) നികുതികൾ | ₹19,208 |
| (- ) ഒഴിഞ്ഞ ബാരൽ | ₹3948 |
| Balance | ₹5,14,655 |
| ബിൽ നം. 314, 23-3-23 | ₹42,811 |

| | |
|---|---|
| ബിൽ നം. 2, 22-4-22 | ₹4,95,000 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിക്ക് കരാറുകാരൻ സിജി ഏലിയാസ് എന്ന വ്യക്തി 2 % കുറവ് നിരക്കിൽ ടെണ്ടർ (8-11-21) നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4-12-21- ൽ ശ്രീ. അലി പി പി -യിൽ നിന്നും 10 % അധികം നിരക്കിൽ ടെണ്ടർ ലഭിക്കുകയും അത് പ്രകാരം ശ്രീ. അലി പി പിയ്ക്ക് പ്രവൃത്തി നൽകുകയും ചെയ്തു. കരാറുകാരൻ സിജി ഏലിയാസ് എന്ന വ്യക്തിക്ക് 2 % കുറവ് നിരക്കിൽ പ്രവൃത്തി നൽകാതെ ശ്രീ. അലി പി പി -യ്ക്ക് 8.82% അധികം നിരക്കിൽ പ്രവൃത്തി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 7/20-11-23 – നുള്ള മറുപടിയായി സിജി ഏലിയാസ് എന്ന വ്യക്തിയിൽ നിന്നും 2 % കുറവ് നിരക്കിൽ ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടർ ആയിരുന്നുവെന്നും പിന്നീട് റീ ടെണ്ടർ പ്രകാരം 04/12/21 –ൽ ലഭിച്ച ടെണ്ടർ പ്രകാരമാണ് ശ്രീ. അലി പി.പി യ്ക്ക് കരാർ നൽകിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. മറുപടി പൂർണ്ണമല്ല. റീ ടെണ്ടർ ചെയ്തതിന്റെ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. റീ ടെണ്ടർ ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 പ്രോജക്ടുകളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
1)

| | |
|---|---|
| പ്രോജക്ടിന്റെ നം | 98/23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നല്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹50000/- വികസന ഫണ്ട് പൊതു വിഭാഗം |

| | |
|---|---|
| ചെലവ് | ₹50000/- വികസന ഫണ്ട് പൊതു വിഭാഗം(ബിൽ നം- 105/10.11.2022) |

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 234/23 |
| പ്രൊജക്ടിന്റെ പേര് | ഇന്റർ നാഷണൽ കോൺക്ലേവിന് ശുചിത്വ മിഷന് വിഹിതം നല്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹25000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹25000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നം.- 187/02.02.2023) |

3)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 243/23 |
| | |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പാറക്കുളങ്ങര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹400000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹400000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്(ബിൽ നം.- 232/01.03.2023) |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിവിധ ചെലവിനത്തിലുള്ള തുക ₹475000/-(50000+25000+400000) തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-19 വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 257/23 |
| പ്രൊജക്ടിന്റെ പേര് | ഉപയോഗശൂന്യമായ സ്ട്രീറ്റ് ടാപ്പുകൾ |

| | |
|---|---|
| | ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹400000/- തനത് ഫണ്ട് |
| ചെലവ് | ₹400000/- തനത് ഫണ്ട് (ചെക്ക് നം- 6145087/29.03.2023) |

എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് മേൽ പ്രൊജക്ട് പ്രകാരം "ഉപയോഗ ശൂന്യമായ 267 സ്ട്രീറ്റ്ടാപ്പുകൾ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ" എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. 267 സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും ഗ്രാമപഞ്ചായത്ത് തുക അടവാക്കിയതും 246 സ്ട്രീറ്റ്ടാപ്പുകൾ ഒഴിവാക്കുന്നതിനാണ്. ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. ഉപയോഗ ശൂന്യമായ 246 സ്ട്രീറ്റ്ടാപ്പുകൾ ഒഴിവാക്കി തുക വിനിയോഗിച്ചതിന്റെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

3. 246 സ്ട്രീറ്റ്ടാപ്പുകൾ ഒഴിവാക്കുന്നതിന് മാർച്ച് 2023 ൽ ₹4,00,000/- നല്കിയെങ്കിലും നിലവിൽ 263 ടാപ്പുകളുടേയും വാട്ടർ ചാർജ്ജ് ഇനത്തിൽ തുക അടവാക്കുന്നതിനായാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് ഡിമാന്റ് നോട്ടീസ് ലഭിക്കുന്നത്. അതിനാൽ ഉപയോഗമില്ലാത്ത സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടി എടുക്കാത്ത സാഹചര്യത്തിൽ പിഴ തുക വർദ്ധിക്കാൻ ഇടയാകുന്നതും,പഞ്ചായത്തിനു കൂടുതൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനും കാരണമാകുന്നു.

4. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടവാക്കുന്നതിനു മുമ്പ് വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-20 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.**

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2022-23 കാലയളവിൽ താഴെ ചേർത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | ശ്രീ. അജി പോൾ |
| 2 | ശ്രീ. വി.പി. തങ്കച്ചൻ |
| 3 | ശ്രീ. അലി പി.പി. |
| 4 | ശ്രീ. ജോയ് തോമസ് |
| 5 | ശ്രീ. ഹരീഷ് എ.എ. |
| 6 | ശ്രീ. ഷാജി കെ.പി. |
| 7 | ശ്രീ. വിനോദ് കുമാർ |
| 8 | ശ്രീ. ജോജിഷ് ജോസ് |
| 9 | ശ്രീ. സണ്ണി കെ.എം. |
| 10 | ശ്രീ. പ്രഹ്ളാദൻ എം.ആർ. |
| 11 | ശ്രീ. അരുൺ പോൾ |
| 12 | ശ്രീ. കുരുവിള കെ. റജി |

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2022-23 കാലയളവിൽ ഗ്രാമപഞ്ചായത്തിൽ എത്രകാലം തൊഴിലിൽ ഏർപ്പെട്ടിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നോ എന്ന വിവരവും ലഭ്യമല്ല. തൊഴിൽ നികുതി രജിസ്റ്റർ ഇൻഡക്സിൽ ടി പേരുകൾ ഉൾപ്പെടുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 21.11.23 ൽ നൽകിയ 12- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ തൊഴിൽ നികുതി എന്ന ഇനം തൊഴിൽ നികുതി രജിസ്റ്ററിലും ഇൻഡക്സിലും ഉൾപ്പെടുത്തി, തൊഴിൽ നികുതി

ഈടാക്കി, രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. തുടർ വർഷങ്ങളിലും ടി ഇനം ഉൾപ്പെടുത്തേണ്ടതാണ്.

## 1-21 മൊബൈൽ ടവറുകളുടെ വസ്തുനികുതി - വൻ കുടിശ്ശിക

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ, താഴെപറയുന്നവയിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | ഡിമാന്റ് 2022-23 (₹) | 2011-12 മുതൽ 2023-24 വരെ ആകെ കുടിശ്ശിക (₹) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 3/535/A | General Manager,BSNL | BSNL | 9527.00 | 1,24,328 | (President Of India യുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്) |
| 2 | 5/407/A | General Manager,BSNL | BSNL | 9527.00 | 1,24,328 | ” |
| 3 | 10/281/A | General Manager,BSNL | BSNL | 9527.00 | 1,24,328 | ” |
| | | ആകെ | | 28,581.00 | 3,72,984/- | |

മേൽ തുക ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് 21.11.23 ൽ നൽകിയ 10- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി നടപടികൾക്ക് നോട്ടീസ് അയച്ചതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-22 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് - ടെണ്ടർ നടപടികളിൽ അപാകത

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള കരാറുകാരനെ തിരഞ്ഞെടുത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 10.12.2021 ലെ 2/MGNRES/2021-22 നം ദർഘാസ് പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന 4 ടെണ്ടറുകൾ ലഭിച്ചു.

| ക്രമ നം | സ്ഥാപനം/ കരാറുകാരൻ | രേഖപ്പെടുത്തിയ നിരക്ക് | |
|---|---|---|---|
| | | വലിയ ബോർഡ് (₹) | ചെറിയ ബോർഡ് (₹) |
| 1 | റെന്നി ബെന്നി | 1500 | 1200 |
| 2 | ബിനു കെ തോമസ് | 1350 | 930 |
| 3 | അനിൽകുമാർ ജി | 2549 | 590 |
| 4 | ഹരീഷ് എ എ | 2062.50 | 600 |

ലഭിച്ച ടെണ്ടറുകളിൽ ഹരീഷ് എ എ യുടെ ടെണ്ടറാണ് ഗ്രാമപഞ്ചായത്ത് കമ്മറ്റി 03.01.22 ലെ 3/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്. വലിയ ബോർഡുകൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബിനു കെ തോമസിന്റെ ടെണ്ടറും, ചെറിയ ബോർഡുകൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അനിൽകുമാർ ജിയുടെ ടെണ്ടറുമാണ് അംഗീകരിക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/16.11.2023) സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്താത്തതിനാലാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ

അംഗീകരിക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. ടെണ്ടർ നോട്ടീസിൽ സെന്റിമീറ്ററിലാണ് ബോർഡിന്റെ അളവ് രേഖപ്പെടുത്തിയിരുന്നത് എന്നാൽ ബിനു കെ തോമസ് (വലിയ ബോർഡ്) ഫീറ്റ് അടിസ്ഥാനത്തിലാണ് അളവ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ ഫീറ്റിനെ സെന്റിമീറ്റർ അളവിൽ മാറ്റുമ്പോൾ കൂടുതൽ വലിപ്പമുള്ള ബോർഡിന്റെ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല ടെണ്ടർ നോട്ടീസിൽ പറയും പ്രകാരം സെന്റിമീറ്ററിൽ നിരക്ക് രേഖപ്പെടുത്തിയ അനിൽകുമാർ ജിയുടെ (ചെറിയ ബോർഡ്) ടെണ്ടറും തിരഞ്ഞെടുത്തിട്ടില്ല.

ബോർഡുകൾ സ്ഥാപിച്ചതിന് ശ്രീ ഹരീഷ് എ എക്ക് ₹191098 (വലിയ ബോർഡുകൾ 79 എണ്ണം തുക ₹162898/-, ചെറിയ ബോർഡുകൾ 47 എണ്ണം തുക ₹28200/-) രൂപ നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

കരാറുകാരുടെ തിരഞ്ഞെടുപ്പ് ക്രമപ്രകാരം നടത്തേണ്ടതും, ധനനഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-23 ടെണ്ടർ അധികം നൽകിയത് - റിടെണ്ടർ രേഖകൾ ലഭ്യമല്ല</u>

| | |
|---|---|
| പ്രൊജക്ട് | SOO 39/23 |
| പ്രവൃത്തി | ഏറൻ താനം വല്ലുക്കാട്ടിൽ റോഡ് റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ |
| കരാറുകാരൻ | അലി പി പി |
| എം ബുക്ക് | 472/21-22 |
| എസ്റ്റിമേറ്റ് | ₹4,75,000/- |
| ആകെ പ്രവൃത്തി | ₹5,14,418/- (Bill No. 13 /24/3/23 |
| എഗ്രിമെന്റ് | 15/AE/C/21-22 Dtd 5-1-22 |

ഈ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി | 4,23,906.00 |

| | |
|---|---|
| ടെണ്ടർ കൂടതൽ - | 35,395 |
| GST (12%) | 55116 |
| ആകെ | 514418 |
| (- ) Tax | 18,372 |
| (- ) Empty Barrel | 7050 |
| Balance | 4,88,996 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സിജി ഏലിയാസ് എന്ന വ്യക്തി 2 % കുറവ് നിരക്കിൽ ടെണ്ടർ (8-11-21) നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4-12-21- ൽ ശ്രീ. അലി പി പി -യിൽ നിന്നും 8.35 % അധികം നിരക്കിൽ ടെണ്ടർ ലഭിക്കുകയും അത് പ്രകാരം ശ്രീ. അലി പി പിയ്ക്ക് പ്രവൃത്തി നൽകുകയും ചെയ്തു. കരാറുകാരൻ സിജി ഏലിയാസ് എന്ന വ്യക്തിക്ക് 2 % കുറവ് നിരക്കിൽ പ്രവൃത്തി നൽകാതെ ശ്രീ. അലി പി പി -യ്ക്ക് 8.35 % അധികം നിരക്കിൽ പ്രവൃത്തി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 7/20-11-23 – ന് മറുപടിയായി സിജി ഏലിയാസ് എന്ന വ്യക്തിയിൽ നിന്നും 2 % കുറവ് നിരക്കിൽ ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടർ ആയിരുന്നുവെന്നും പിന്നീട് റീ ടെണ്ടർ പ്രകാരം 4/12/21-ൽ ലഭിച്ച ടെണ്ടർ പ്രകാരമാണ് ശ്രീ. അലി.പി.പി യ്ക്ക് കരാർ നൽകിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.
മറുപടി പൂർണ്ണമല്ല. റീ ടെണ്ടർ ചെയ്തതിന്റെ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. റീ ടെണ്ടർ ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 പമ്പ് സെറ്റ് - സ്ഥാപിക്കാതെ തുക നൽകി - ഇതര അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പമ്പ് സെറ്റ് സ്ഥാപിക്കുന്ന രണ്ട് പ്രൊജക്ടുകളാണ് 2022-23 വർഷം നടപ്പാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| 1 | S211/23, അയ്യകുന്നം | 175000 | 175000 | 344/28.03.23 |

| | | | | |
|---|---|---|---|---|
| | പാടശേഖരത്തിൽ മോട്ടോർ സ്ഥാപിക്കൽ | | | |
| 2 | S208/23, തോട്ടറ പുഞ്ച സംയുക്ത പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ | 500000 | 500000 | 262/15.03.23 |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു (അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 9/21.11.23) നൽകി).

1.<u>അയ്യകുന്നം പാടശേഖരത്തിൽ മോട്ടോർ സ്ഥാപിക്കൽ</u>

പ്രൊജക്ട് നിർവ്വഹണത്തിനായി റെയ്ഡ്കോ, പിറവത്തിനെയാണ് തിരഞ്ഞെടുത്തത്. സ്ഥാപനത്തിന്റെ 14.03.23 ലെ PVM/1786/2022-2023 ബിൽ പ്രകാരം TEXMO ASMAX 5 HP പമ്പും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരും, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും 17.11.2023 ന് നടത്തിയ സംയുക്തപരിശോധനയിൽ മോട്ടോർ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് സ്ഥാപിക്കാതെ ഒരു പുരയിടത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

(A)മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് എൻട്രി നടത്തിയിട്ടുള്ളതായി കാണുന്നില്ല.

(B)ബിൽ പ്രകാരം 18,500/- രൂപ ഇൻസ്റ്റലേഷൻ ഫീസ് ആണ്. ഇൻസ്റ്റലേഷൻ നടത്താതെ ഇൻസ്റ്റലേഷൻ ഫീസ് നൽകി.

(C) മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ സൂക്ഷിച്ചിരിക്കുന്നു.

(D) 2023 മാർച്ചിൽ ലഭിച്ച മോട്ടോർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. <u>തോട്ടറ പുഞ്ച സംയുക്ത പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ</u>

ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നടപ്പിലാക്കിയ, തോട്ടാറ പുഞ്ച സമഗ്ര വികസനം എന്ന പ്രൊജക്ടിൽ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആമ്പല്ലൂർ, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തുകളിലെ തോട്ടറ പുഞ്ചയിൽ വെള്ളത്തിന്റെ സുഗമമായ നീരൊഴുക്ക് നിയന്ത്രിക്കുന്നതിനായി പുലിമുഖം പാടശേഖരത്തിൽ 60 HP വെർട്ടിക്കൽ ആക്സിയൽ പമ്പുസെറ്റ് സ്ഥാപിക്കുക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രൊജക്ടിന്റെ ആകെ ചെലവായ ₹19,95,000/-രൂപയിൽ ₹5,00,000/-രൂപ ആണ് എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് നൽകിയത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനെയാണ് (RAIDCO, Piravom) പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനായി "ഇ ടെണ്ടർ" വഴി തെരഞ്ഞെടുത്തിരിക്കുന്നത്. റെയ്ഡ്കോയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട് നമ്പർ 30907888775 ലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നുള്ള താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം പമ്പ് സെറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

| Invoice No. /Date | Amount |
|---|---|
| PVM/1275/2022-23/ 10.03.23 | 19,95,000/- |

എന്നാൽ ടി മോട്ടർ ഉപയോഗിച്ചുള്ള പമ്പിംഗ് തുടങ്ങിയിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച്, താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. പമ്പിംഗ് തുടങ്ങാത്തതിന്റെ കാരണം.

2. ഇൻസ്റ്റലേഷൻ തീയതി, വാറണ്ടി കാലാവധി (തീയതി) എന്നിവ.

3. പമ്പ് സെറ്റ് സ്റ്റോക്കിലെടുത്തിന്റെ വിവരങ്ങൾ . നിലവിലെ കസ്റ്റോഡിയൻ ആരാണെന്ന വിവരവും ഇല്ല.

4.പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റിന്റെ തുടർ പരിപാലനം സംബന്ധിച്ച് ആസൂത്രണം നടത്തിയതായി പ്രൊജക്ടിൽ രേഖപ്പെടുത്തലുകൾ ഇല്ല. വിവിധ ഘട്ടങ്ങളിലെ മോണിറ്ററിംഗ് സംബന്ധിച്ച് ബില്ലുകൾ വൗച്ചറുകൾ, തുക കൈമാറൽ എന്നിവ മാത്രമാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വൻ തുക ചെലവഴിച്ചിരിക്കുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതു സംബന്ധിച്ച്, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ (കൃഷിയും അനുബന്ധ മേഖലകളും) മോണിറ്ററിംഗ്

റിപ്പോർട്ട് ഫയലിൽ ഇല്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തന വിവരങ്ങൾ, അംഗങ്ങളുടെ പേരുവിവരങ്ങൾ, പദ്ധതിയുടെ മോണിററിംഗ് റിപ്പോർട്ട് എന്നിവയും പമ്പിന്റെ പ്രവർത്തനവും തുടർപരിപാലനവും നടപ്പിലാക്കുന്നത് ഏതു രീതിയിലാണെന്നതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

5. പമ്പിന്റെ "ഇലക്ട്രിഫിക്കേഷൻ എർത്തിംഗ്" നിലവിൽ ഇൻസുലേറ്റഡ് അല്ലാത്ത രീതിയിൽ ആണ് കാണപ്പെടുന്നത്.

6. നിലവിൽ സ്ഥാപിച്ചിട്ടുള്ള രീതിയിൽ പമ്പിംഗ് നടത്തിയാൽ പാലത്തിന് ബലക്ഷയം സംഭവിക്കാൻ സാധ്യതയുണ്ട്. പ്രായോഗികത പരിശോധിക്കാതെ മോട്ടോർ സ്ഥാപിച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

മോട്ടോർ പമ്പ് സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിലും മറ്റ് അപാകതകളുടെ വെളിച്ചത്തിലും ₹6,75,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-25 തൊഴിലുറപ്പ് പദ്ധതി - മുളക്ക് അധിക നിരക്ക് നൽകി.</u>

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള തോടുകളിൽ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തിയിൽ കയർ ഭൂവസ്ത്രം ഉറപ്പിക്കുന്നതിനുള്ള മുളയാണി തയ്യാറാക്കുന്നതിനുള്ള മുളയുടെ വില കണക്കാക്കിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഭൂവസ്ത്രം പ്രൊജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം / പേര് | വാർഡ് 12, IC /354595 , കാപ്പിൽത്താഴം തോട് ബണ്ട് നിർമ്മാണം കയർ ഭൂവസ്ത്രം |

| | |
|---|---|
| അടങ്കൽ | ₹250000/- |
| ചെലവ് | ₹236740/- |
| എം ബുക്ക് നം | 531/21-22 |
| എഫ് റ്റി ഒ നം | 0121/28.03.2023 |

അപാകതകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1. മുളയുടെ നിരക്ക് രേഖപ്പെടുത്തിയതിലെ അപാകത.

വിവിധ പ്രവൃത്തികളിലെ മുളയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് താഴെ ചേർക്കുന്നു.

| ഹെഡിംഗ് / കോഡ് | ഇനം | യൂണിറ്റ് | അളവ് | നിരക്ക് |
|---|---|---|---|---|
| 80.8.5.9/ 0305 | Bamboos 25 Mm Dia 2.5 M Long | Score | 1 | 525 |

സെകവർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മുളയുടെ നിരക്ക് ഒരു സ്കോറിന് (20 എണ്ണം) ₹525യാണ്. എന്നാൽ എസ്റ്റിമേറ്റ് നിരക്കിലേക്കാൾ അധികരിച്ച നിരക്കാണ് മുള നൽകിയ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുള്ളത്. ഫയലിൽ

സൂക്ഷിച്ചിട്ടുള്ള കരാറുകാരന്റെ ബില്‍ പ്രകാരം 2.5 മീറ്റര്‍ നീളമുള്ള ഒരു മുളയുടെ വില ₹525 രൂപയാണ് . ഒരു സ്കോര്‍ അതായത് 20 എണ്ണത്തിന് ₹525 എന്നതിന് പകരം ഒരെണ്ണത്തിന് 525 രൂപ എന്ന് പരിഗണിച്ചതായാണ് വ്യക്തമാകുന്നത്. ഇപ്രകാരം 10 മുളകള്‍ വാങ്ങിയതിന് ₹5250 നല്‍കിയിട്ടുണ്ട്.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്‍കിയ ഓഡിറ്റ് എന്‍ക്വയറിക്ക് (നം 11/21.11.2023) മറുപടി ലഭ്യമാക്കി. ആയതില്‍ വണ്ണമുള്ള മുളയാണ് വാങ്ങിയതെന്നും മാത്രവുമല്ല 17 മുളയാണ് വാങ്ങിയതെന്നും അറിയിച്ചു. എന്നാല്‍ ബില്ലിലെ രേഖപ്പെടുത്തലും മറുപടിയില്‍ സൂചിപ്പിച്ച എണ്ണവും വ്യത്യസ്തമാണ്. ഇക്കാരണത്താല്‍ മറുപടി പൂര്‍ണ്ണമായും അംഗീകരിക്കത്തക്കതല്ല. മുളയുടെ വില സംബന്ധിച്ച് അവ്യക്തത ഉണ്ട് എന്നും നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍ അറിയിച്ചു. മുള ലോക്കല്‍ പര്‍ച്ചേസ് നടത്തുന്നതിനാല്‍ സോഫ്റ്റ് വെയറിലെ എസ്റ്റിമേറ്റിലെ അതേ അളവിലും നിരക്കിലും വാങ്ങാനും പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

ഓഡിറ്റ് നിര്‍ദ്ദേശം

മുളയുടെ നിരക്ക് സംബന്ധിച്ച് മിഷന്‍ തലത്തില്‍ വ്യക്തത വരുത്തേണ്ടതും അധിക തുക നല്‍കുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-26 വയോജനങ്ങള്‍ക്ക് ഡിജിറ്റല്‍ ലിറ്ററസി പരിശീലന പരിപാടി-സബ്സിഡി മാര്‍ഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പര്‍/ പേര് | 153/23 വയോജനങ്ങള്‍ക്ക് ഡിജിറ്റല്‍ ലിറ്ററസി |
| അടങ്കല്‍ | ₹40,000/- (തനത് ഫണ്ട്) |
| ചെലവ് | ₹39,000/ – |
| ചെക്ക് നം/തീയതി | 486483 Dt 01-02-23, ₹15,000/-<br>486484 Dt 01-02-23, ₹24,000/- |

ജില്ല ആസൂത്രണ സമിതി നിര്‍ദേശ പ്രകാരം, എടയ്ക്കാട്ടുവയല്‍ ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങള്‍ക്ക് കംപ്യൂട്ടര്‍ പരിജ്ഞാനം

ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 2023 ൽ 03.01.23 മുതൽ 13.01.23 വരെയുള്ള കാലയളവിൽ 11 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കൗൺസിൽ ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(Ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തനത് ഫണ്ട് ചെലവഴിച്ച് പ്രോജക്ട് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ടി പ്രോജക്ടിന്റെ ചെലവ് തുക ₹39,000/-തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2022-23 | വാർഷിക ഓഡിറ്റിനോടൊപ്പം പരിശോധിച്ചു |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,79,600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0152/23) | 279,600 | - |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0135/23) | 4,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 1,99,700 | ഷി ജിം വനിതകൾക്ക് ഫിറ്റ്നെസ്സ്(എസ്.0145/23) | 1,99,700 | |
| ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | ലൈഫ് ഭവനപദ്ധതി(എസ്.058/23) | 10,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ലൈഫ് ഭവനപദ്ധതി ഭൂമി വാങ്ങൽ (എസ്.062/23) | 4,00,000 | |
| **ആകെ** | 22,79,300 | | 22,79,300 | **-** |
| ജില്ലാ പഞ്ചായത്ത് | 119600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0152/23) | 119600 | - |
| ജില്ലാ പഞ്ചായത്ത് | 3,42,000 | എസ്സ്. സി സ്കോളർഷിപ്പ് (എസ്.0246/23) | 3,42,000 | - |
| ജില്ലാ പഞ്ചായത്ത് | 4,00,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0135/23) | 4,00,000 | |
| ജില്ലാ പഞ്ചായത്ത് | 8,00,000 | നെൽ കൃഷി വികസനം (എസ്.0102/23) | 8,00,000 | |
| ജില്ലാ പഞ്ചായത്ത് | 16,60,000 | ലൈഫ് ഭവന പദ്ധതി(എസ്.058/23) | 16,60,000 | |
| ജില്ലാ പഞ്ചായത്ത് | 22,80,000 | ലൈഫ് ഭവന പദ്ധതി(എസ്.057/23 | 22,80,000 | |
| **ആകെ** | 56,01,600 | | 56,01,600 | **-** |

## <u>4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പാറ കുളങ്ങറ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 42201111 | 4,00,000 | 0 | 4,00,000 |
| കേരള ജല അതോറിറ്റി | ഓർമ്മിളക്കുന്ന് കോളനി ശുദ്ധജല വിതരണം | 42200867 | 7,90,000 | 0 | 7,90,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വാർഷിക കണക്ക് പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | | 7518871 | 2293225 | | 5225646 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3), (1, 2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ |

| | | | | | |
|---|---|---|---|---|---|
| | | | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹2,87,75,436.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹3,24,86,384.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,89,000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,75,000 | ശ്രീ ജയന്തകുമാർ, സെക്രട്ടറി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് |
| 1-24 | 6,75,000 | ശ്രീ യദുരാജ്,കൃഷി ഓഫീസർ |
| 1-26 | 39,000 | ശ്രീ ജയന്തകുമാർ, സെക്രട്ടറി, എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്ത് |
| ആകെ | 11,89,000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നീജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ യദുരാജ് കൃഷി ഓഫീസർ | കൃഷി ഓഫീസർ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | മംഗലത്ത്, ചാന്നാനിക്കാട്.പി.ഒ കോട്ടയം |
| ശ്രീ ജയന്തകുമാർ സെക്രട്ടറി | സെക്രട്ടറി എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | അലസക്കോടത്ത്മന, കാഞ്ഞിരമറ്റം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6) 2265/13, 05.03.14 |
| 1998-99 | എൽ.എഫ്.ഇ. (പി6) 680/15, 11.12.15 |
| 2001-02 | കെ.എസ്.എ-ഇകെഎം(പി6)1478(1)/19 തീ. 23.07.2019 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ. (പി4) 1438/03/ 10.12.08 |
| 2002-03 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ. (പി4) 1245/05, 02.03.06 |
| 2003-04 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2004-05 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2005-06 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |

| | |
|---|---|
| 2007-08 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2008-09 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2009-10 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2010-11 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2011-12 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2012-13<br>2013-14 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2014-15 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2015-16 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2016-17 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2017-18 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2018-19 | കെ.എസ്.എ-ഇകെഎം(പി6) 1546/22, 04.01.2023 |
| 2019-20 | കെ.എസ്.എ.-ഇകെഎം.(പി.6) 387/2021, 15.12.2021 |
| 2020-21 | കെ.എസ്.എ.-ഇകെഎം.(പി.6) 959/2022, 06.08.2022 |
| 2021-22 | കെ.എസ്.എ.-ഇകെഎം.(പി.6) 257/2023, 19.04.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 10-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Edakkattuvayal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual

Financial Statements give a true and fair view of financial result and Financial position of Edakkattuvayal Grama Panchayat for the year 2022-2023

**Date: 16/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Edakkattuvayal Grama Panchayat for the Year 2022-2023.

### 1.Major Observations

1.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.
2. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.
3. Non inclusion of Notes to Accounts in financial statements and non disclosure of material facts.

### 2.Other Observations

1. property tax Demand registers do not match with financial statements.
2.Demand entry is not made on time of receivables.
3. Cash flow statement- Net increase/decrease in Cash and cash equivalents does not tally with net cash generated by investing + operating+ financial activities.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ട്വയൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്